കേരളീയം

# മനുഷ്യൻ പ്രകൃതി.........

മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ജൈവ പാരമ്പര്യത്തെക്കുറിച്ചുള്ള തിരിച്ചറിവും നീതിയുക്തമായ സമൂഹനിർമ്മിതിയെക്കുറിച്ചുള്ള സ്വപ്നങ്ങളും ചേർന്ന് തീപിടിപ്പിച്ച ഒരു ഭൂതകാലം നമുക്കുണ്ട്. കാടിനും പുഴയ്ക്കും നീർത്തടങ്ങൾക്കും വേണ്ടി ശുദ്ധവായുവിനും വേണ്ടി, പുരാതനമായ കുന്നുകൾക്കു വേണ്ടി, വംശമറ്റുപോകുന്ന ചെടികൾക്കും ജീവികൾക്കും വേണ്ടി യുദ്ധരഹിതമായ ഒരു ലോകത്തിനുവേണ്ടി ശബ്ദിക്കുകയും പ്രവർത്തിക്കുകയും ത്യാഗങ്ങളനുഭവിക്കുകയും ചെയ്ത ഒരുപാട് മനുഷ്യരിലൂടെയാണ് മാനവികതയെക്കുറിച്ചുള്ള നമ്മുടെ സങ്കൽപ്പങ്ങൾ രൂപപ്പെട്ടത്. ചെറുതും വലുതുമായി നിരവധി നവസാംസ്കാരിക പ്രസ്ഥാനങ്ങൾ ചേർന്ന് രൂപംനൽകിയ ബദൽ - പ്രതിരോധ മാതൃകകളുമുണ്ട്.

മത്സാരാധിഷ്ഠിതവും വ്യക്തികേന്ദ്രിതവുമായ വികസന സങ്കൽപങ്ങളുടെ തിരിച്ചടികൾ ഇന്ന് കുറേക്കൂടി സ്പഷ്ടമാണ്. ആത്മഹത്യയെന്ന ഏകാഭയത്തിലേക്ക് കൂടുതൽ പേർ എത്തിപ്പെടുന്നത് അടിത്തറ നഷ്ടപ്പെട്ട ഒരു സമൂഹത്തിന്റെ പ്രതിസന്ധികളെയാണ് വെളിവാക്കുന്നത്. ജീവിതത്തോട് പൊരുതി നില്ക്കുന്നതിനുള്ള ആത്മബലം മനുഷ്യർക്ക് നൽകാൻ നമ്മുടെ പ്രവർത്തനങ്ങളും പര്യാപ്തമായിത്തീർന്നിട്ടില്ലെന്ന യാഥാർത്ഥ്യം കൂടുതൽ ആഴത്തിലുള്ള വീണ്ടു വിചാരങ്ങൾക്ക് പ്രേരണ നല്കുന്നതാണ്.

ഉയർന്നുവരുന്ന പല പ്രതിരോധ പരിശ്രമങ്ങളും വ്യവസ്ഥാപിത സംവിധാനങ്ങളുടെ അനുനയപ്പെടുത്തലുകൾക്ക് വിധേയമായി ജീർണ്ണിച്ചു പോകുന്നുണ്ട്. പ്രശ്നാധിഷ്ഠിതമായ നിലപാടുകൾക്കു പകരം വ്യക്ത്യാധിഷ്ഠിതവും സംഘടനാധിഷ്ഠിതവുമായ ശാഠ്യങ്ങൾ മേൽക്കൈ നേടുന്നതും നമ്മുടെ പ്രവർത്തനങ്ങളെ പരിമിതപ്പെടുത്തുന്നുണ്ടാകാം. മനുഷ്യ ബന്ധങ്ങളെക്കുറിച്ചുതന്നെ അടിസ്ഥാനപരമായ പുനർവായനകൾ ആവശ്യമാണെന്നും വരാം.

ജീവിതത്തെ നിരന്തരം പുതുക്കുന്ന സമഗ്രമായ ഒരു കാഴ്ചപ്പാട് - പ്രായോഗിക സമീപനങ്ങൾ - രാഷ്ട്രീയ ധാരണകൾ - സാംസ്കാരിക കൂട്ടായമ്കൾ എങ്ങിനെയാണ് നാം രൂപപ്പെടുത്തുക?

ആശയങ്ങൾ കൈമാറുന്നതിനും അനുഭവങ്ങൾ പങ്കുവെയ്ക്കുന്നതിനും പ്രശ്നപരിഹാരങ്ങൾ തേടുന്നതിനുമായ് കേരളീയം നിങ്ങളെ ക്ഷണിക്കുകയാണ്. ഡിസംബർ 8,9 തിയ്യതികളിൽ ചാലക്കുടി അതിരപ്പിള്ളിയാറിന്റെ തീരത്തുള്ള ഏഴാറ്റുമുഖത്തുവച്ചുനടത്തുന്ന കൂടിച്ചേരലിലേക്ക് താങ്കൾ കുടുംബാംഗങ്ങൾക്കും സുഹൃത്തുക്കൾക്കുമൊപ്പം പങ്കെടുക്കുക.